KOLLAM CITY POLICE
https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 05/05/ 2020

# ലോക്-ഡൗൺ നിബന്ധനകൾ കർശനമായി നടപ്പിലാക്കുവാൻ അതീവ ജാഗ്രതയിൽ കൊല്ലം സിറ്റി പോലീസ്

കൊല്ലം : കൊറോണ വൈറസ് വ്യാപനം തടയുന്നതിന് സർക്കാർ ഏർപ്പെടുത്തിയ ലോക്-ഡൗൺ നിബന്ധനകൾ കർശനമായി നടപ്പിലാക്കുവാൻ അതീവ ജാഗ്രതയിൽ കൊല്ലം സിറ്റി പോലീസ്. ഇന്നും ലോക്-ഡൗൺ മാനദണ്ഡങ്ങൾ ലംഘിച്ച് വാഹനങ്ങളിലും മറ്റും അനാവശ്യമായി യാത്ര ചെയ്തതിനും ക്രമവിരുദ്ധമായി വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിപ്പിച്ച തിനും കൊല്ലം സിറ്റി പരിധിയിൽ 208 കേസുകൾ രജിസ്റ്റർ ചെയ്ത് 211 പേരെ അറസ്റ്റ് ചെയ്യു കയും 162 വാഹനങ്ങൾ പിടിച്ചെടുക്കുകയും ചെയ്തു.മാസ്ക് ധരിക്കാതെ പൊതു സ്ഥലങ്ങ ളിൽ പ്രവേശിച്ചതിന് ഇന്ന് 25 പേർക്ക് നോട്ടീസ് നൽകി.

ഇരവിപുരം പോലീസ് സ്റ്റേഷൻ പരിധിയിൽ പള്ളിമുക്കിൽ വഴിയോര മത്സ്യക്കച്ചവടം നടത്തിയതിന് കയ്യാലക്കൽ സ്വദേശി ഷംസുദ്ദീനെതിരെ പോലീസ് കേസ് രജിസ്റ്റർ ചെയ്തു.പര വൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ പരവൂർ ജംഗ്ഷനിൽ ക്രമവിരുദ്ധമായി ശുചീകരണ സംവിധാനങ്ങൾ ഒരുക്കാതെയും സാമൂഹ്യ അകലം പാലിക്കാതെയും സൂപ്പർ മാർക്കറ്റ്, സ്റ്റേഷ നറി സ്റ്റോർ എന്നിവ പ്രവർത്തിപ്പിച്ചതിന് കടയുടമകൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്തു. സന്നദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി ഓച്ചിറ മാതൃസദനത്തിലെ അന്തേവാസികൾക്കും 4 നിർധന കുടുംബങ്ങൾക്കും ഓച്ചിറ ജനമൈത്രി പോലീസ് ഭക്ഷ്യധാന്യക്കിറ്റുകൾ വിതരണം ചെയ്തു.

കൊട്ടിയം പോലീസ് സ്റേറഷൻ പരിധിയിൽ പേരയം പുതുച്ചിറ തടവിള വീട്ടിൽ സുനി ലിന്റെ(45) വീടിനുള്ളിൽ ചാരായവാറ്റ് നടക്കുന്നതായി വിവരം ലഭിച്ചതിനെത്തുടർന്ന് നടത്തിയ പരിശോധനയിൽ 20 ലിറ്റർ കോടയും അര ലിറ്റർ ചാരായവും വാറ്റുപകരണങ്ങളും കൊട്ടിയം പോലീസ് പിടിച്ചെടുത്തു.വീട്ടുടമസ്ഥനേയും കൂടെയുണ്ടായിരുന്ന ഉമയനല്ലൂർ എസ്റ്റേറ്റ് പള്ളി ശ്ശേരി പുത്തൻവീട്ടിൽ പ്രദീപ് (43),പുതുച്ചിറ ചരുവിള വീട്ടിൽ ശിവൻ യ(52) ,കുന്നുവിള വീട്ടിൽ രാജേഷ് (39) എന്നിവരെ അറസ്റ്റ് ചെയ്തു.കൊട്ടിയം പോലീസ് ഇൻസ്പെക്ടർ ദിലീഷ്, എസ്.ഐ മാരായ മാത്യു വർഗീസ്,ഷഹാലുദ്ദീൻ,സ്പെഷ്യൽ ബ്രാഞ്ച് എസ്.ഐ സുരേഷ്

ബാബു, പോലീസ് ഉദ്യോഗസ്ഥരായ ഫിറോസ് ഖാൻ ,സെയ്ഫുദ്ദീൻ എന്നിവരടങ്ങിയ സംഘമാണ് പ്രതികളെ പിടികൂടിയത്.

കർശനമായ സുരക്ഷയും നിയന്ത്രണങ്ങളുമാണ് കൊല്ലം സിറ്റി പോലീസ് പരിധിയിലെ വിവിധ പ്രദേശങ്ങളിൽ പോലീസ് ഒരുക്കിയിരിക്കുന്നത്. പ്രധാനപ്പെട്ട കവലകളിൽ ശക്തമായ പോലീസ് പിക്കറ്റും അനാവശ്യമായി ജനങ്ങൾ പുറത്തിറങ്ങുന്നത് തടയുന്നതിനായി കർശന മായ പരിശോധനയും പോലീസ് ഏർപ്പെടുത്തിയിട്ടുണ്ട്.ലോക്-ഡൗൺ നീട്ടിയ പശ്ചാത്തല ത്തിൽ തുടർന്നും പൊതുജനങ്ങൾ സർക്കാർ ഏർപ്പെടുത്തിയ നിബന്ധനകളും നിർദേശങ്ങളും കൃത്യമായും പാലിക്കേണ്ടതാണെന്നും ഇരു ചക്രവാഹനങ്ങളിൽ പിൻസീറ്റ് യാത്ര കഴിയുന്നതും ഒഴിവാക്കേണ്ടതാണെന്നും കൊല്ലം സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു. ഒഴിവാക്കാൻ കഴി യാത്ത ആവശ്യങ്ങൾക്ക് അന്തർജില്ലാ യാത്രകൾ ചെയ്യുന്നതിലേക്ക് വാഹന പാസ്സ് ലഭിക്കുന്നതി നായി pass.bsafe.kerala.gov.in എന്ന വെബ്സൈറ്റിലൂടെ അപേക്ഷ നൽകേണ്ടതാണ്. എന്നാൽ അപേക്ഷ നിരസിക്കുകയാണെങ്കിൽ അടിയന്തിര പ്രാധാന്യമുള്ള ആവശ്യമാണെങ്കിൽ മാത്രം സിറ്റി പോലീസ് കമ്മീഷണർ ഓഫീസിലെത്തി നേരിട്ട് പാസിന് അപേക്ഷ നൽകാവുന്നതാണ്.